മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം

121 (4456) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത സംരംഭത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഫിഷറീസ് വകുപ്പ് അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ള അപേക്ഷകർ എത്ര ; അപേക്ഷകരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ ഈ വിഷയത്തിൽ തുടർന്ന് വരുന്ന നടപടികൾ വിശദമാക്കാമോ ; ആരുടെയെല്ലാം അപേക്ഷകൾ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു ; വിശദമായി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ ജില്ലയിൽ ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യ തൊഴിലാളികൾക്കായി പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് മുഖേന മേൽ പദ്ധതിക്കായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആകെ 1615 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും 372 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. അപേക്ഷകരുടെ പേര്, വിലാസം എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ഭവനരഹിതരും ഭൂരഹിതരുമായവർക്കായി ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്ന പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന നടപടി പുരോഗമിക്കുകയാണ്.

ടീം സോളാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ നടപടി

122 (4457) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടീം സോളാർ കമ്പനിയെ 1956- ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സരിത എസ്. നായരേയും അവരുടെ തട്ടിപ്പുകൾക്ക് കൂട്ടുനിന്നവരെയും കേന്ദ്ര ഏജൻസികളുടെ ചോദ്യം ചെയ്യലിൽനിന്നു രക്ഷിക്കാനാണ് പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ രണ്ടു കൊല്ലമായിട്ടും അറിയിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് ടീം സോളാർ എന്ന് അറിവുണ്ടോ ;

(ഇ) പ്രസ്തുത കമ്പനിയെ 1956-ലെ കമ്പനികാര്യ നിയമം അനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്താൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടീം സോളാർ കമ്പനിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്.

(ബി) ടീം സോളാർ കമ്പനിയുമായി ബന്ധപ്പെട്ട കേസ്സുകളിൽ കേന്ദ്ര ഏജൻസിയായ New and Renewable Energy-യിലെ ഉദ്യോഗസ്ഥരെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ടീം സോളാർ കമ്പനിയുടെ തട്ടിപ്പിനെക്കുറിച്ച് Ministry of Corporate Affairs-നെ അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ടീം സോളാർ കമ്പനിയുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്.

പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും

123 (4458) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ വർദ്ധനവും വിശാലവും ജനസാന്ദ്രതയേറിയതും വർഗ്ഗീയവും രാഷ്ട്രീയവുമായി സെൻസിറ്റീവ് ഏരിയയായി കണക്കാക്കപ്പെടുന്നതുമായ തീരദേശ മേഖല ഉൾപ്പെടുന്നതും, കേന്ദ്ര സർവ്വകലാശാലയും ബേക്കൽ ടൂറിസ്റ്റ് കേന്ദ്രവുമടക്കം സ്ഥിതി ചെയ്യുന്നതും പരിഗണിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly